(സി) കേരള ശിശുക്ഷേമസമിതി ചാരിറബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഭാരത ശിശുക്ഷേമ സമിതിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ളതുമായ ഒരു സന്നദ്ധ സംഘടനയാണ്. സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ടെങ്കിൽ അത് ചെയ്യേണ്ടത് ശിശുക്ഷേമ സമിതി തന്നെയാണ്.

ശിശുക്ഷേമ സമിതിയിലെ ക്രമക്കേടുകൾ

972. [1419) ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുക്ഷേമ സമിതിയിൽ ക്രമക്കേടുകൾ നടന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിലെന്തു നടപടി സ്വീകരിച്ചു ?

ഉത്തരം

(എ) ഇങ്ങനെയൊരു ആക്ഷേപം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണെന്ന് ശിശുക്ഷേമ സമിതി അറിയിച്ചിരിക്കുന്നതിനാലും ഈ ആക്ഷേപം ഭാരത ശിശുക്ഷേമ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

II ശ്രദ്ധക്ഷണിക്കൽ

(1) ചിറ്റൂർ ഷുഗർ മില്ലിന്റെ തകർച്ച

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, സഹകരണ മേഖലയിലെ വൻ വ്യവസായമായ ചിറ്റൂർ ഷുഗർ ഫാക്ടറി അഴിമതിയുടേയും, 9.30 a.m.] ധൂർത്തിന്റേയും കേന്ദ്രമായിരിക്കുകയാണ്. പഞ്ചസാര ഉല്പാദനത്തിൽ ഒട്ടും താല്പര്യമില്ല, കരിമ്പ് കൃഷിക്കാർക്ക് ഒരു പ്രയോജനവും ചെയ്യുന്നില്ല. മറിച്ച് അഴിമതി നടത്താൻ സഹായിക്കുന്ന സ്പിരിറ്റ് കടത്തലിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുകയാണ്. ആണ്ടിൽ 10 മാസം വരെ പ്രവർത്തിച്ചിരുന്ന ഫാക്ടറി ഇപ്പോൾ 2 മാസം പോലും പ്രവർത്തിക്കുന്നില്ല. നൂറുകണക്കിന് തൊഴിലാളികൾ പട്ടിണിയിലാണ്. സ്പിരിറ്റ് കടത്തി സർക്കാരിന്റെ സ്വന്തക്കാർ കോടികൾ നേടുന്നു. സ്പിരിറ്റ് കടത്തലിലൂടെ സർക്കാരിന് രണ്ടുകോടി പതിമൂന്നുലക്ഷം രൂപ നഷ്ടം വന്നുവെന്ന് എക്സൈസ് അധികൃതർ തന്നെ കണക്കാക്കിയിരിക്കുന്നു. വൈപ്പിൻ മദ്യ ദുരന്തത്തെത്തുടർന്ന് 1981-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി റെക്ടിഫൈഡ് സ്പിരിറ്റിന്റെ ഇറക്കുമതി നിയന്ത്രിച്ചിരുന്നു. സ്പിരിറ്റ് കൊണ്ടുവരലും ചാരായം ഉല്പാദിപ്പിക്കലും ട്രാവൻകൂർ ഷുഗേഴ്സിനേയും മന്നം ഷുഗർ ഫാക്ടറിയുടേയും ചിറ്റൂർ കോ-ഓപ്പറേറ്റീവ് ഷുഗർ ഫാക്ടറിയുടേയും ചുമതലയിലാക്കി. ഈ ഫാക്ടറികൾ അന്യസംസ്ഥാനങ്ങളിൽ നിന്ന് നേരിട്ടാണ് സ്പിരിറ്റ് കൊണ്ടുവന്നിരുന്നത്. അന്ന് ഒരു ലിറ്ററിന് 90 പൈസയേ ചെലവുണ്ടായിരുന്നുള്ളു. എന്നാൽ 1984 ഡിസംബറിൽ പണം വാരിക്കൂട്ടുകയെന്നുള്ള ലക്ഷ്യത്തോടുകൂടി സ്പിരിറ്റ് കൊണ്ടുവരുന്ന ജോലി സ്വകാര്യവ്യക്തികളെ ഏല്പിച്ചു. ഹോട്ടൽ ശൃംഖല ഉടമയായ ശ്രീ. ബാബുതോമസ്സിനാണ് ആ സൗഭാഗ്യം കൈവന്നത്.

....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly